## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ-2956 22/02/2016-ലെ മറുപടിയ്ക്ക്

### രാഷ്ട്രീയ കൃഷി വികാസ് യോജന- എറണാകുളം ജില്ല

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(കാർഷിക വികസനവും കർഷക ക്ഷേമവും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | ആർ.കെ.വി.വൈ പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ എത്ര പ്രവൃത്തികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ; | എ | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽകൃഷി വികസന പദ്ധതി, തരിശുനിലത്തിൽ നെൽകൃഷി എന്നീ പദ്ധതികളും ക്ഷീരവികസന വകുപ്പ് ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയും ഫിഷറീസ് വകുപ്പ് ശുദ്ധജല മത്സ്യകൃഷി, പാടശേഖരത്തിലെ മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, കല്ലുമ്മേക്കായ കൃഷി എന്നിവയും നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു. |
| ബി | ജില്ലയിലേക്ക് നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ഇതുവരെ എത്ര രൂപ വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ; | ബി | കൃഷി വകുപ്പ് 56.025 ലക്ഷം രൂപയും ഫിഷറീസ് വകുപ്പ് 55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| സി | ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ? | സി | കൃഷി വകുപ്പ് നടപ്പിലാക്കുന്ന റീ വൈറ്റലൈസേഷൻ ഓഫ് പൊക്കാളി പാഡി എന്ന പദ്ധതിയും കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അങ്കമാലി മുനിസിപ്പാലിറ്റിയിലെ നെട്ടം |

| | | | |
|---|---|---|---|
| | | | തോടിൻെറയും കുര്യാതോടിൻെറയും ഏഴിക്കര പഞ്ചായത്തിലെ സൗത്ത് പൊക്കാളി തേരക്കൽ പാടശേഖരം, കുണ്ടേക്കാവ് കോട്ടുവള്ളി പുഴ പാടശേഖരം റീച്ച്-1, നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിൻെറ നിർമ്മാണ പ്രവൃത്തികൾ എന്നിവയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന കല്ലുമ്മേക്കായ കൃഷി പദ്ധതിയും പൂർത്തീകരിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**